പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5906** **07. 07. 2014 -** ലെ മറുപടി

<u>ആഭ്യന്തര കലാപം രൂക്ഷമായ ഇറാഖിൽ നിന്നും നാട്ടിലെത്തിയ മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ.കെ. നാരായണൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഇറാഖിൽ നിന്നും എത്ര മലയാളികൾ കഴിഞ്ഞ ഒരു മാസമായി കേരളത്തിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇവരിൽ എത്രപേർക്ക് സർക്കാർ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ? | (എയും ബിയും) ആഭ്യന്തര യുദ്ധം രൂക്ഷമായ ഇറാഖിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്കയിൽ ആരംഭിച്ച ഹെൽപ് ലൈനിൽ ഇതുവരെ 284 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ഇന്ത്യൻ എംബസിയുടെയും സമയോചിത ഇടപെടലുകളിലൂടെ ഇറാഖിലെ തിക്രിതിൽ കുടുങ്ങിയ **45** മലയാളി നഴ്സുമാരെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൂലൈ **5** - ന് കൊച്ചി വിമാനത്താവളത്തിൽ എത്തിയ **45** മലയാളി നഴ്സുമാർക്ക് അയ്യായിരം രൂപ വീതം ഇടക്കാല സഹായം നൽകുകയുണ്ടായി. വിമാനത്താവളത്തിൽ നിന്ന് വീട്ടിലേക്ക് മടങ്ങാൻ സഹായം ആവശ്യപ്പെട്ടവർക്ക് മടക്കയാത്രക്കുള്ള സൗകര്യം നോർക്ക ഏർപ്പാട് ചെയ്യുകയുണ്ടായി. കൂടുതൽ സഹായം നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ